**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**11/11/2019-ൽ മറുപടിയ്ക്ക്**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3836**

## നാഷണൽ വൈറൽ ഹെപ്പറ്റൈറ്റിസ് കൺട്രോൾ പ്രോഗ്രാം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി.ഷാനിമോൾ ഉസ്മാൻ** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| **എ)** ഹെപ്പറ്റൈറ്റിസ് എ, ബി രോഗങ്ങൾ സംസ്ഥാനത്ത് വർദ്ധിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | **എ)** IDSP രേഖകൾ പ്രകാരം ഹെപ്പറ്റൈറ്റിസ് എ, ഹെപ്പറ്റൈറ്റിസ് ബി എന്നിവ ചെറിയതോതിൽ വർദ്ധിക്കുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| **ബി)** പ്രസ്തുത രോഗം ശരിയായ രീതിയിൽ ചികിത്സിച്ചില്ലെങ്കിൽ മാരകമായ കരൾ വീക്കത്തിലേക്കും ക്യാൻസർ ബാധയ്ക്കും മറ്റും കാരണമാകുമെന്ന് കണ്ടെത്തിയിട്ടുണ്ടോ; | **ബി)** ഹെപ്പറ്റൈറ്റിസ് എ രോഗത്തിന് നിലവിൽ പ്രത്യേക ചികിത്സയില്ല. സഹായക ചികിത്സയാണ് നൽകി വരുന്നത്. ഇതുമൂലം ക്യാൻസറും മറ്റു ഗുരുതര രോഗങ്ങളും വരുവാനുള്ള സാധ്യത വിരളമാണ്. എന്നാൽ ഹെപ്പറ്റൈറ്റിസ് ബി രോഗബാധിതരിൽ ക്യാൻസർ വരാനുള്ള സാധ്യത 5-10 ശതമാനവുമാണ്. കൂടാതെ കരൾ വീക്കത്തിനുള്ള സാധ്യതയും കൂടുതലാണ്. |
| **സി)** എങ്കിൽ ഇത് നല്ല രീതിയിൽ ചികിത്സിക്കുന്നതിനുള്ള സംവിധാനം എല്ലാ സർക്കാർ ആശുപത്രികളിലും ഒരുക്കുമോയെന്ന് വ്യക്തമാക്കുമോ; | **സി)** നാഷണൽ വൈറൽ ഹെപ്പറ്റൈറ്റിസ് കൺട്രോൾ പ്രോഗ്രാം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാല് ഗവ.മെഡിക്കൽ കോളേജുകൾ (കോഴിക്കോട്, കോട്ടയം, ആലപ്പുഴ, തൃശ്ശൂർ), 14 ജില്ലകളിലേയും ഓരോ ജനറൽ/ജില്ലാ ആശുപത്രികൾ എന്നിവ ചികിത്സ കേന്ദ്രങ്ങളായും, ഗവ.മെഡിക്കൽ കോളേജ്, തിരുവനന്തപുരം, മാതൃകാ ചികിത്സാ കേന്ദ്രമാക്കാനും തീരുമാനിച്ചിട്ടുണ്ട്. ഭാവിയിൽ മറ്റ് മെഡിക്കൽ കോളേജുകളെയും ചികിത്സാ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് |

പദ്ധതിയുണ്ട്. രോഗനിർണ്ണയം സ്ഥിരീകരിക്കുന്നതിനു വേണ്ടി സംസ്ഥാന പബ്ലിക് ഹെൽത്ത് ലാബ്, തിരുവനന്തപുരത്തെ State Lab/Apex Lab ആയി തിരഞ്ഞെടുത്തിട്ടുണ്ട്

ഡി) നാഷണൽ വൈറൽ ഹെപ്പറ്റൈറ്റിസ് കൺട്രോൾ പ്രോഗ്രാമിന്റെ അടിസ്ഥാനത്തിൽ അടുത്ത പത്ത് വർഷത്തിനുള്ളിൽ ഹെപ്പറ്റൈറ്റിസ് ബി നിർമ്മാർജ്ജനം ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ടോ, എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഡി) സംസ്ഥാനത്ത് നാഷണൽ വൈറൽ ഹെപ്പറ്റൈറ്റിസ് കൺട്രോൾ പ്രോഗ്രാം ആരംഭിക്കുന്നതിനായി ഒരു സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ആദ്യയോഗം 15.10.2019 ന് കൂടുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 22.10.2019 ന് Inter Sectoral Co-ordination Group മീറ്റിംഗ് കൂടുകയും താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുള്ളതുമാണ്.

1. രോഗസാധ്യത കൂടുതലുള്ളവരായ രക്തദാതാക്കൾ, സ്വീകർത്താക്കൾ, മയക്കുമരുന്ന് കുത്തിവയ്ക്കുന്നവർ (Drug abuse), ലൈംഗിക തൊഴിലാളികൾ, ഡയാലിസിസ് രോഗികൾ, ഗർഭിണികൾ, ആരോഗ്യ പ്രവർത്തകർ തുടങ്ങിയവരിൽ രോഗം നേരത്തേ കണ്ടുപിടിക്കാനുള്ള സ്ക്രീനിംഗ് ശക്തിപ്പെടുത്തുക.
2. രോഗബാധ സ്ഥിരീകരിക്കുന്നവർക്ക് എത്രയും പെട്ടെന്ന് ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
3. അമ്മയിൽ നിന്ന് കുഞ്ഞിലേയ്ക്ക് രോഗം പകരാനുള്ള സാധ്യത കണക്കിലെടുത്ത് ഗർഭിണികളിൽ രോഗനിർണ്ണയ പരിശോധനകൾ നിർബന്ധമായും നടത്തുക.
4. എയിഡ്സ് കൺട്രോൾ പ്രോഗ്രാം, റിവൈസ്ഡ് നാഷണൽ ട്യൂബർകുലോസിസ് പ്രോഗ്രാം (RNTCP),

ഇമ്മ്യൂണൈസേഷൻ പ്രോഗ്രാം എന്നീ വിഭാഗങ്ങളുടെ സഹകരണത്തോടെ നാഷണൽ വൈറസ് ഹെപ്പറ്റൈറ്റിസ് കൺട്രോൾ പ്രോഗ്രാം (NVHCP) സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കുക.

5. പ്രോഗ്രാമിനെക്കുറിച്ചും, ഹെപ്പറ്റൈറ്റിസ് ചികിത്സയെക്കുറിച്ചും ലബോറട്ടറി മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ചും വിവിധ വിഭാഗം ജീവനക്കാർക്ക് (ഡോക്ടർ/ഫാർമസിസ്റ്റ്) ലാബ് ടെക്നീഷ്യൻ/ഡേറ്റാ എൻട്രി ഓപ്പറേറ്റർ) പരിശീലനം നൽകുക.
6. അണുബാധ പകരാനുള്ള സാധ്യതകളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധമുണ്ടാക്കാൻ വേണ്ടി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുക.
7. ആരോഗ്യ പ്രവർത്തകർക്ക് നിർബന്ധമായും ഹെപ്പറ്റൈറ്റിസ് ബി വാക്സിനേഷൻ നൽകുക തുടങ്ങിയ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുക.

സെക്ഷൻ ഓഫീസർ